പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.638 | 28 -09 -2011 - ൽ മറുപടിയ്ക്ക് |

## നെടുങ്ങോലം താലൂക്കാശുപത്രിയിലെ പോരായ്മകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെടുങ്ങോലം ഗവ.രാമറാവു താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് കാറ്റഗറി അടിസ്ഥാനത്തിൽ അറിയിക്കാമോ ; | (എ) | സിവിൽ സർജൻ - 1<br>ജൂനിയർ കൺസൾട്ടൻറ് പിഡിയാട്രിക് - 1<br>ജൂനിയർ കൺസൾട്ടൻറ് ഗൈനക്കോളജി-1<br>അസിസ്റ്റൻറ് സർജൻ - 5<br>ക്ളാർക്ക് -1<br>പ്യൂൺ - 1<br>നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് -2 -1<br>സ്റ്റാഫ് നഴ്സ് - 8<br>നോൺമെഡിക്കൽ സൂപ്പർവൈസർ - 1<br>ട്രീറ്റ്മെൻറ് ഓർഗനൈസർ- 1<br>ഫാർമസിസ്റ്റ് - 1<br>ഹെഡ്നഴ്സ് - 2<br>നഴ്സിംഗ് അസിസ്റ്റൻറ് - 5<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1- 1<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2- 5 |
| (ബി) | പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്; | (ബി) | സിവിൽ സർജൻ - 1<br>ജൂനിയർ കൺസൾട്ടൻറ് - 1<br>അസിസ്റ്റൻറ് സർജൻ - 1(മെറ്റേണിറ്റി ലീവ്)<br>പ്യൂൺ - 1<br>നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് -2 -1<br>സ്റ്റാഫ് നഴ്സ് - 1<br>ലാബ്ടെക്നീഷ്യൻ 1<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2- 3 |
| (സി) | ആശുപത്രിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറവ് നിമിത്തം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ബോദ്ധ്യമുണ്ടോ ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ടു നൽകിയ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (ഡി) | ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് ആർ.എസ്.ബി.വൈ/ എച്ച്.എം.സി. മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നുണ്ട്. സിവിൽ സർജൻ , ജൂനിയർ കൺസൽട്ടൻറ്, ഗൈനക്, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - 2 എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള പ്യൂൺ സസ്പെൻഷനിലായതിനാൽ പകരം ഒരാളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. സ്റ്റാഫ് നഴ്സ്, ലാബ്ടെക്നീഷ്യൻ എന്നീ തസ്തികകളുടെ ഒഴിവുകൾ പി.എസ്സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 തസ്തികയിലെ ഇൻറർവ്യൂ നടത്തിയിട്ടുണ്ട്. നിയമനം ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത ആശുപത്രിയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഒഴിവുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തുന്നതിനുള്ള നടപടി മേൽപ്പറഞ്ഞ പ്രകാരം സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.